## പതിമൂന്നാം കേരള നിയമസഭ

### എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2202 — 26.03.2013 ലെ മറുപടിയ്ക്ക്

### കാരുണ്യ ബെനവലന്റ് ഫണ്ട്

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. കെ. രാധാകൃഷ്ണൻ | | ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) | കാരുണ്യ ഭാഗ്യക്കുറിയിൽ നിന്നും ഇതുവരെ എത്ര അറ്റാദായം ലഭിച്ചിട്ടുണ്ടെന്ന് പറയാമോ ; | (എ) | കാരുണ്യ ഭാഗ്യക്കുറിയിൽ നിന്നും 16-03-2013 വരെയുള്ള അറ്റാദായം (Net Profit) ഏകദേശം 140 കോടി രൂപയാണ്. |
| (ബി) | ഇതിൽ കാരുണ്യ ബെനവലന്റ് ഫണ്ടിലേയ്ക്ക് നൽകിയ തുക എത്രയാണെന്ന് പറയാമോ ; | (ബി) | 115 കോടി രൂപയാണ് കാരുണ്യ ബെനവലന്റ് ഫണ്ടിലേക്ക് ഇതുവരെ അനുവദിച്ചിട്ടുള്ളത്. |
| (സി) | കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ഇതുവരെ എത്രപേർക്ക് എത്ര തുക വീതം വിതരണം ചെയ്തു വെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | (സി) | കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ഇതുവരെ 7502 പേർക്ക് സഹായധനം നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ഡി) | കാൻസർ, ഹൃദയം,വൃക്ക, തലച്ചോർ എന്നിവയെ ബാധിക്കുന്ന രോഗങ്ങൾ എന്നിവയ്ക്കുള്ള ചെലവേറിയ ചികിത്സയ്ക്കല്ലാതെ സാധാരണ രോഗ ചികിത്സയ്ക്കായി ഈ ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നുണ്ടോ; | (ഡി) & (ഇ) | കരൾ സർജറി, ശ്വാസകോശങ്ങൾക്ക് വരുന്ന മാരകമായ രോഗങ്ങൾ, നട്ടെല്ലിനും സുഷുമ്നാ നാഡിക്കും വരുന്ന മാരകമായ രോഗങ്ങൾക്കും, ഹീമോഫീലിയ രോഗികൾക്കും, സാന്ത്വന ചികിത്സയ്ക്കും ചികിത്സാ ധനസഹായം ലഭിയ്ക്കും. കൂടാതെ മറ്റു രോഗങ്ങൾക്ക് സമാശ്വാസ ചികിത്സാ ധനസഹായമായി പരമാവധി 3000 രൂപ ഒറ്റതവണ ചികിത്സാ ധനസഹായം അനുവദിക്കുന്നതാണ്. |
| (ഇ) | എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ; | | |
| (എഫ്) | ഈ ഇനത്തിൽ ഇതുവരെ എത്രപേർക്ക് എത്ര തുക വിതരണം ചെയ്തുവെന്ന് ജില്ല തിരിച്ച് പറയാമോ ? | (എഫ്) | ജില്ലാ കളക്ടർമാർ മുഖേനയാണ് ഇത്തരത്തിലുള്ള ഒറ്റത്തവണ ചികിത്സാ ധനസഹായം നൽകി വരുന്നത്. ജില്ല തിരിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.